ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

56 (61) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 13 പേർക്ക് നിയമനം നൽകി.

(ബി) നിലവിലുള്ള മസ്ദൂർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിലുള്ള 7 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതാണ്.

സിവിൽ സർവ്വീസ് അഴിമതി

57 (62) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനവും ഇ-ടെൻഡർ സംവിധാനവും ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയെന്നും എവിടെയെല്ലാം നടപ്പാക്കാനുണ്ട് എന്നും ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) ഇവ നടപ്പിലാക്കിയ വകുപ്പുകളിൽ പ്രസ്തുത സംവിധാനങ്ങളെ മാറ്റി നിർത്തി, മുൻകാലങ്ങളിൽ അഴിമതി കണ്ടെത്തിയതിനാൽ ഒഴിവാക്കിയ സംവിധാനം ഏതെല്ലാം വകുപ്പുകളിൽ ഇപ്പോഴും സ്വീകരിച്ചു വരുന്നു ; ഇത് നിയന്ത്രിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ നടപ്പുവർഷത്തിൽ (2014-15) അഴിമതി നിയന്ത്രിക്കാൻ ഏതെല്ലാം വകുപ്പുകളിൽ വിജിലൻസ് റെയിഡുകൾ നടത്തി ; ഇവയിലൂടെ കണ്ടെത്തിയ അഴിമതി തുക എത്ര ; ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചു ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കൈക്കൂലിക്കേസ്സിൽ അന്വേഷണങ്ങൾക്ക് വിധേയരായ ഐ.എ.എസ്സ്, ഐ.പി.എസ്സ്, ഐ.എഫ്.എസ്സ്, ഐ.ആർ.എസ്സ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവരിൽ എത്ര പേർക്കെതിരെ കുറ്റപത്രം നല്കി എന്നും എന്തെല്ലാം നടപടികൾ ഇവരുടെമേൽ സ്വീകരിച്ചുവെന്നും ഇവരിൽ എത്ര പേർക്ക് തുടർ പ്രൊമോഷനുകൾ നൽകി എന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിലായി വിജിലൻസ് കണ്ടെത്തി നടപടികൾക്കുവിധേയരായവരിൽ എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി ;

(ജി) അവർ ആരെല്ലാമെന്നും ഇവരെ സർവ്വീസിൽ നിന്നും പുറത്താക്കിയതു ഏതൊക്കെ വകുപ്പുകളിൽ നിന്നുമാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഇ-ഗവേണൻസിലൂടെയും വെബ്ടെലികാസ്റ്റിംഗിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താനാകുന്നുണ്ട്. വിഷൻ 2030, സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്. ഇങ്ങനെ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ഡി-ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly